**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **27-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നീർത്തടപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കുറ്റ്യാടി നീർത്തടപദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്കാണ് പൂർത്തിയാക്കുന്നതെന്നും പൂർത്തിയായാൽ കാർഷിക മേഖലയ്ക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി, വേളം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന തുലാറ്റുനട നീർത്തട പദ്ധതിയ്ക്ക് തുലാറ്റുനട പാലം മുതൽ തെക്കേ തറേമ്മൽ ഭാഗം വരെയുള്ള തോടിന്റെ ആഴവും വീതിയും കൂട്ടി ഇരുവശവും കരിങ്കൽ കെട്ടി സംരക്ഷിക്കുന്നതിനും, ഡൈവേർഷൻ ചാനൽ നിർമ്മിക്കുന്നതിനുമായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ 21.03.2024-ന് ആരംഭിക്കുകയും, 200 മീറ്റർ നീളത്തിൽ തോടിന്റെ ആഴവും വീതിയും കൂട്ടുകയും 281 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. 10.12.2024-ൽ പ്രവൃത്തി പൂർത്തീകരിക്കുന്ന രീതിയിലാണ് കരാർ നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്നതോടെ ഏറെ കാലമായി തരിശായി കിടക്കുന്ന ഏകദേശം 50 ഹെക്ടറോളം സ്ഥലത്ത് കൂടി നെൽകൃഷി നടത്താൻ കഴിയുന്നതാണ്. |
| (ബി) | മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭ്യമാകുക എന്നും അവ ലഭിക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെയാണെന്നും വിശദമാക്കാമോ? | (ബി) | പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണത്തിനായുള്ള വിവിധ പദ്ധതികളാണ് മണ്ണ് സംരക്ഷണ വകുപ്പ് പ്രധാനമായും നിർവ്വഹിക്കുന്നത്. ഇതോടൊപ്പം ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണം, ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശ സംരക്ഷണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, നീർത്തട സമീപനത്തിലൂടെയുള്ള പരിസ്ഥിതി പുനരജ്ജീവന പദ്ധതികൾ എന്നിവ വകുപ്പ് നടപ്പാക്കുന്നുണ്ട്. മണ്ണൊലിപ്പ്, വിഭവശോഷണം എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി മുൻഗണനാക്രമത്തിൽ ശാസ്ത്രീയമായ സമീപനത്തിലൂടെയാണ് പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ